Pre-University Class.

* 156. MR. MANKUZHI M. MADHAVAN (*Chirayinkil III—General*): Will the Hon'ble Minister for Education be pleased to state:

(*a*) if it a fact that the Previous University class has been adolished; and

(*b*) is so, what would be the position of the students who are now studying in the Pre-University class and in the three year course classes?

HON'BLE MR. N. KUNJURAMAN: (*a*) No.

(*b*) This does not arise in view of the answer to (a).

വാക്കാൽ കരാറുകൾ

* 157. MR. P. NANOO: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നീതി ന്യായവകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) വാക്കാൽ കരാറുകളെ അടിസ്ഥാനമാക്കിയുള്ള വ്യവഹാരങ്ങളും തക്കങ്ങളും സിവിൽ കോടതികൾ സ്വീകരിക്കുന്നതല്ലെന്ന നിയമം മൂലമുണ്ടാക്കുന്നതു് കേസുകളുടെ എണ്ണവും കാലതാമസവും കുറയ്ക്കാൻ സഹായിക്കുമോ എന്നു പരിശോധിച്ചിട്ടുണ്ടോ?

(ബി) ഈ നിയമനിർമ്മാണം സ്ഥാവരവസ്തുക്കളെ സംബന്ധിച്ച വ്യവഹാരങ്ങളുടെ കാര്യത്തിലെങ്കിലും അത്യന്താപേക്ഷിതമാണോ എന്നു ഗവണ്മെന്റ് ആലോചിക്കുമോ?

HON'BLE MR. A. J. JOHN: (എ) ഇല്ല. അതേപ്പറ്റി ആലോചിക്കേണ്ട ആവശ്യം നേരിട്ടിട്ടില്ല.

(ബി) സ്ഥാവരവസ്തുക്കളുടെ കൈമാറ്റം രജിസ്റ്റർ പ്രമാണം മൂലമായിരിക്കണം എന്നുള്ള സംഗതി ആലോചിക്കുന്നതാണ്.

നീതിന്യായവകുപ്പിലെ ഉദ്യോഗസ്ഥന്മാർ.

*158. MR. P. NANOO: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നീതി ന്യായവകുപ്പിന്റെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) നീതിന്യായവകുപ്പിൽ കാര്യശേഷിയോ സ്വഭാവശുദ്ധിയോ ഇല്ലാത്തവരും അവ കുറഞ്ഞവരുമായ ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നുള്ള വിവരം ഗവണ്മെന്റിനറിവുണ്ടോ?

(ബി) ഉണ്ടെങ്കിൽ അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരെ ആ ഡിപ്പാർട്ടുമെന്റിൽ നിന്നും മാറ്റി നിയമിക്കുവാനോ ഗവണ്മെന്റിൽ നിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly